# പത്രക്കുറിപ്പ്

52-ാം മത് കേരള സ്കൂൾ കലോത്സവം 16.01.2012 മുതൽ 22.01.2012 വരെ തൃശ്ശൂർ നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട 17 വേദികളിലായി നടക്കുകയാണ്. തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയം പ്രധാന വേദിയായി നടത്തുന്ന ഈ മത്സരങ്ങളുടെ വീഡിയോ കവറേജ് ചെയ്യുന്നതിനും മത്സരങ്ങളുടെ സി.ഡികൾ മത്സരയിനങ്ങൾ കഴിഞ്ഞയുടനെ അഡീഷണൽ ഡയക്ടറെ ഏൽപ്പിക്കുവാനും തത്പരരായ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്നതാണ്. വിശദാംശങ്ങൾ www.education.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങടങ്ങിയ സീൽ ചെയ്ത ക്വട്ടേഷൻ 2012 ജനുവരി 4-ാം തീയതി വൈകിട്ട് 5 മണിവരെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സ്വീകരിക്കുകയും 2012 ജനുവരി 5-ന് 11 മണിയ്ക്ക് ക്വട്ടേഷൻ ഡയറക്ടറേറ്റിൽ വച്ച് തുറക്കുന്നതും, കരാർ ഉറപ്പിക്കുന്നതുമാണ്. ക്വട്ടേഷൻ ശ്രീ.പി.കെ.കൃഷ്ണൻ, എ.ഡി.പി.ഐ(ജനറൽ), പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം-14 (മൊബൈൽ നമ്പർ-9446410868) എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

18.12.2011

പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

DIRECTORATE OF PUBLIC INSTRUCTION * THIRUVANANTHAPURAM-14

നം.വൈ.2/34534/11/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 8.12.11.

## ക്വട്ടേഷൻ നോട്ടീസ്

52-ാമത് കേരള സ്കൂൾ കലോത്സവത്തിന്റെ വീഡിയോ കവറേജ് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തു തീർക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

1. 2012 ജനുവരി 16 മുതൽ 22-ാം തീയതി വരെ തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയം ഉൾപ്പെടെയുള്ള 17 വേദികളിൽ മത്സര ഇനങ്ങൾ നടക്കുന്ന സമയത്ത്, മത്സര ഇനങ്ങൾ വീഡിയോ കവറേജ് ചെയ്യേണ്ടതാണ്. ടി തയ്യാറാക്കുന്ന സി.ഡി.കൾ മത്സരം കഴിഞ്ഞ് 2 മണിക്കൂറിനകം അഡീഷണൽ ഡയറക്ടറെ ഏല്പിക്കേണ്ടതും അപ്പീൽ കമ്മിറ്റിക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടതുമാണ്.

2. പ്രധാന വേദിയായ തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ പ്രത്യേകം തയ്യാർ ചെയ്ത വേദിയിൽ നടക്കുന്ന ഉത്ഘാടനം, സമാപനം. മത്സര ഇനങ്ങൾ എന്നിവയുടെ തൽസമയ ദൃശ്യങ്ങൾ പന്തലിൽ ഇരിക്കുന്ന ഏവർക്കും കാണത്തക്ക രീതിയിൽ പ്രത്യേകം ടി.വി.കൾ തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

3. വീഡിയോ ചിത്രീകരണത്തിനും പകർപ്പവകാശത്തിനും ഏറ്റവും കൂടുതൽ തുക നൽകുന്ന വ്യക്തിക്കാണ് ക്വട്ടേഷൻ ഉറപ്പിക്കുന്നത്.

4. ഈ കലോത്സവത്തിന്റെ മുഴുവൻ ദൃശ്യങ്ങളും സി.ഡി.യിലാക്കി വാണിജ്യപരമായി കൈകാര്യം ചെയ്യാവുന്നതാണ്.

5. വീഡിയോ കവറേജ് ചെയ്യുന്നതിന് ആവശ്യമായ ജനറേറ്റർ, മറ്റ് ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഏജൻസി സ്വയം തയ്യാറാക്കേണ്ടതാണ്.

6. വീഡിയോ കവറേജ് ജോലിയിൽ ഏർപ്പെടുന്നവരെപ്പറ്റി വിശദമായ വിവരങ്ങൾ മേള തുടങ്ങുന്നതിന് പത്തു ദിവസം മുമ്പ് അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടറെ ഏൽപിക്കേണ്ടതാണ്. ഇവർക്ക് പ്രത്യേക ഐഡന്റിഫിക്കേഷൻ കാർഡ് നൽകുന്നതാണ്. കലോത്സവത്തിന്റെ നടത്തിപ്പിന് യാതൊരു തടസ്സവും ഏർപ്പെടുത്താതെ വേണം വീഡിയോ കവറേജ് ചെയ്യുവാൻ.

7. വീഡിയോ കവറേജ് ഏറ്റെടുക്കുന്ന ഏജൻസി, അപരിചിതരായവരെയോ, മറ്റേതെങ്കിലും തരത്തിൽ കുറ്റകരമായ വാസനയുള്ളവരെയോ ജോലി ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

8. മുകളിൽ സൂചിപ്പിച്ച നിബന്ധനകൾക്കു പുറമെ ഏതെങ്കിലും നിബന്ധനകൾ പുതിയതായി ഏർപ്പെടുത്തുവാനോ, അല്ലെങ്കിൽ പരിപൂർണ്ണമായോ, ഭാഗികമായോ വീഡിയോ കവറേജ് പരിപാടി നിർത്തി വയ്ക്കുവാനോ, അല്ലെങ്കിൽ കലോത്സവം തുടങ്ങിയശേഷം വേണ്ടെന്നു വെയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്.



9. മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ സമർപ്പിക്കുവാൻ തയ്യാറായവർ **2012 ജനുവരി 4ന് വൈകിട്ട് 5 മണി വരെ അഡീഷണൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. 2012 ജനുവരി 5ന് 11 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും സ്വീകാര്യമായത് സ്വീകരിക്കുന്നതുമായിരിക്കും.** ക്വട്ടേഷൻ ഉറപ്പിക്കുന്ന സമയത്ത് ക്വട്ടേഷൻ അംഗീകരിക്കുന്ന വ്യക്തി ഉടൻതന്നെ **25000/-രൂപ** ഡയറക്ടറേറ്റിൽ അടയ്ക്കേണ്ടതും ബാക്കി തുക രണ്ട് തവണകളായി കലോത്സവം തുടങ്ങുന്നതിനു **മുൻപ്** അടച്ച് രസീതി വാങ്ങേണ്ടതാണ്.

10. കലോത്സവത്തിനോടനുബന്ധിച്ചു നടത്തുന്ന പതാക ഉയർത്തൽ, വിവധ സമ്മേളന ങ്ങൾ, എല്ലാ മത്സര ഇനങ്ങൾ (സാഹിത്യ-രചന മത്സരങ്ങൾ ഒഴികെ) എന്നിവ വീഡിയോയിൽ പകർത്തേണ്ടതാണ്.

11. അപ്പീൽ കമ്മിറ്റിയുടെയും വിദ്യാഭ്യാസ ഡയറക്ടറുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലത്തും സമയത്തും സി.ഡി/വീഡിയോ പ്രദർശനം നടത്തേണ്ടുന്നതാണ്.

12. പകർത്തിയ സി.ഡി.യുടെ പ്രതികൾ ജനറൽ കൺവീനർക്ക് നൽകിയതിന് ശേഷം വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോട് മാത്രമെ വിൽപ്പന നടത്താവൂ.

13. ക്ലോസ്ഡ് സർക്യൂട്ട് ടി.വി.യിൽ പരസ്യങ്ങൾ സംപ്രേഷണം ചെയ്യുന്നതിന് ജനറൽ കൺവീനറുടെ മുൻകൂട്ടിയുള്ള അനുമതി തേടണം. സംപ്രേഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന പരസ്യങ്ങളുടെ പൂർണ്ണ വിവരങ്ങൾ നേരത്തെ നൽകി വേണം അതിനുള്ള അനുമതി തേടണം.

14. പകർപ്പാവകാശം ലഭിക്കുന്ന വ്യക്തി മേൽ നിർദ്ദേശങ്ങൾ അംഗീകരിക്കാത്ത പക്ഷം ഏതു സമയത്തും അനുമതി റദ്ദാക്കുന്നതിനും ഇതുമൂലം ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും എതിരെ നിയമ നടപടികൾ സ്വീക രിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

15. ഡിപ്പാർട്ട്മെന്റ് അനുവദിക്കുന്ന വ്യക്തിക്കല്ലാതെ (മാധ്യമങ്ങൾ, ന്യൂസ് ഏജൻസി ഒഴികെ) മറ്റാർക്കും വേദിയിൽ നിന്നും പരിപാടികൾ വീഡിയോയിൽ പകർത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

DIRECTORATE OF PUBLIC INSTRUCTION ★ THIRUVANANTHAPURAM-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.